"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊച്ചി കോർപ്പറേഷൻ-ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിലെ ക്രമക്കേട്-അസി.എക്സി.എഞ്ചിനിയർ ശ്രീമതി ഷീജ എസ്.എസ്., ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സന്ധ്യ പി.ബി. എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1176/2025/LSGD തീയതി,തിരുവനന്തപുരം, 13-05-2025

പരാമർശം:-

1. വിജിലൻസ് (എ) വകുപ്പിൽ നിന്നുള്ള 08.03.2022-ലെ വിജി-എ2/353/2021-വിജി നമ്പർ കുറിപ്പ്.
2. വിജിലൻസ് ഡയറക്ടറുടെ 10.09.2021-ലെ E10(VE 8/2018/ഇകെഎം) 26405/18 നമ്പർ കത്ത്.
3. 28.09.2022-ലെ 57/ഇഡബ്ല്യൂഎ4/22/തസ്വഭവ നമ്പർ കുറ്റപത്രം, കുറ്റാരോപണ പത്രിക.
4. 12.12.2022-ൽ അസി.എക്സി.എഞ്ചിനിയർ ശ്രീമതി ഷീജ എസ്.എസ്., 05.01.2022-ൽ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സന്ധ്യ പി.ബി. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രികകൾ.
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10.02.25-ലെ LSGD/PD/60941/2023-VIGC4 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ എളംകുളം വില്ലേജ് സർവ്വേ നം.194/5, 195/3, 195/4, 195/5 എന്നിവയിൽപ്പെട്ട ഭൂമി പൂണിത്തുറ വില്ലേജ് പാലാരിവട്ടം ദേശത്ത് അന്തരിച്ച തറാപ്പറമ്പിൽ പരമേശ്വര മേനോനും മക്കളും ഫിലിപ്പ് മാത്യു എന്നിവരും ചേർന്ന് വ്യാജ ആധാരങ്ങൾ ചമച്ച് വസ്തു കയ്യേറിയെന്നാരോപിച്ച് ശ്രീ.പി.ജി.ജോസഫ് സമർപ്പിച്ച പരാതിയിന്മേൽ വിജിലൻസ്,എറണാകുളം യൂണിറ്റ് നടത്തിയ അന്വേഷണത്തിൽ എളകുളം വില്ലേജിൽ സർവ്വേ നം. 194/5-ൽ ഉൾപ്പെട്ട് വരുന്ന 16 സെന്റ് സ്ഥലത്ത് പവർ ഓഫ് അറ്റോർണിയായ ശ്രീപി.ബി.ഗോപാലകൃഷ്ണന്റെ അപേക്ഷയിന്മേൽ ബിൽഡിംഗ് പെർമിറ്റ് നം. MOPI/COC/137/15 അനുവദിച്ചതിൽ കൊച്ചി കോർപറേഷൻ ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീമതി സന്ധ്യ പി.ബി., അസി. എക്സി. എഞ്ചിനിയറായിരുന്ന ശ്രീമതി ഷീജ എസ്.എസ്. എന്നിവരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ളതായി വിജിലൻസ് കണ്ടെത്തിയിരുന്നു.

വിജിലൻസ് ശിപാർശയിന്മേൽ ശ്രീമതി സന്ധ്യ പി.ബി., ബിൽഡിംഗ് ഇൻസ്പെക്ടർ, ശ്രീമതി ഷീജ എസ്.എസ്, അസി. എക്സി. എഞ്ചിനിയർ എന്നിവർക്കെതിരെ KCS (CC&A) Rule 16 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നല്കി അച്ചടക്കനടപടികൾ ആരംഭിച്ചിരുന്നു.

കുറ്റപത്രത്തിന് അസി. എക്സി. എഞ്ചിനിയറായിരുന്ന ശ്രീമതി ഷീജ എസ്.എസ്. സമർപ്പിച്ച പ്രതിവാദപത്രികയിൽ ടിയാൾക്ക് കൊച്ചി നഗരസഭയുടെ പച്ചാളം മേഖലയിലെ ചുമതലയാണ്

ഉണ്ടായിരുന്നതെന്നും എന്നാൽ ഇക്കാലത്ത് സെൻട്രൽ സോണിന്റെ അഡിഷണൽ ചാർജ് ഒരു മാസത്തേക്ക് വഹിക്കേണ്ടിവന്നുവെന്നും ഇക്കാലയളവിലാണ് പരാമർശിത കെട്ടിടത്തിന്റെ പെർമിറ്റുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമായതെന്നും രണ്ട് സോണിന്റെ ചുമതല ഉണ്ടായിരുന്നതിനാൽ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധനയും രേഖകളുടെ പരിശോധനയും നടത്തി ലഭ്യമാക്കിയ അപേക്ഷ പരിശോധിച്ച ശേഷമാണ് അനുമതി നൽകിയിട്ടുള്ളതെന്നും MOP1/COC/137/15 നമ്പറായി ശ്രീമതി ഭാനുമതി രാധാകൃഷ്ണന്റെ പേരിലുള്ള സ്ഥലത്ത് Basement Floor -Parking, Ground Floor -Dormitory-യുമായി (Group2) 679.69m2 വിസ്തീർണ്ണം വരുന്ന നിർമ്മാണത്തിന് ആണ് അനുമതി നൽകിയിരിക്കുന്നതെന്നും ശ്രീമതി ഭാനുമതിയുടെ പിതാവായ പരമേശ്വരമേനോന് അഞ്ചിക്കയ്മൾ ഡിസ്ട്രിക്ട് കോടതിയിൽ നിന്നും 1951-ലെ OS-95 പ്രകാരം ലേലത്തിൽ സിദ്ധിച്ച 130 സെന്റ് സ്ഥലത്തിന്റെ ഭാഗമാണ് നിർദ്ദിഷ്ട സ്ഥലമെന്നും ശ്രീമതി ഭാനുമതി ടി സ്ഥലത്തിൽ നിന്നും 60 സെന്റ് സ്ഥലം ശ്രീ.ഫിലിപ്പിന് കൈമാറ്റം ചെയ്തപ്പോൾ പരസ്പര കൈമാറ്റാധാര പ്രകാരം ശ്രീമതി ഭാനുമതിക്ക് സിദ്ധിച്ച 9 സെന്റ് സ്ഥലവും ബാക്കിയുള്ള 70 സെന്റ് സ്ഥലത്തിൽ കലൂർ-കടവന്ത്ര റോഡിന് വിട്ടു കൊടുത്തതിന്റെ ബാക്കിയുള്ള സ്ഥലത്തിന്റെ ഏഴിൽ ഒന്ന് അവകാശവും ചേർത്തുള്ള ഭൂമിയാണ് നിർദിഷ്ട സ്ഥലം എന്നാണ് കക്ഷി പെർമിറ്റിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ ആധാരങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ 132/IV/2015 നമ്പറായി ശ്രീമതി ഭാനുമതി രാധാകൃഷ്ണൻ രജിസ്റ്റർ ചെയ്തിട്ടുള്ള മുക്ത്യാർ അടിസ്ഥാനപ്പെടുത്തിയാണ് ശ്രീ.ഗോപാലകൃഷ്ണൻ പേർക്ക് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും അഞ്ചിക്കയ്മൾ ഡിസ്ട്രിക്ട് കോർട്ടിന്റെ 1951-ലെ 0S.95 എറണാകുളം സബ് രജിസ്ട്രാർ ഓഫീസിൽ 2004 ഏപ്രിൽ 12-ാം തീയതി രജിസ്റ്റർ ചെയ്ത 2066-ാം നമ്പർ ആധാരം എന്നിവ പെർമിറ്റ് ഫയലിൽ സമർപ്പിച്ചിട്ടുണ്ടെന്നും ആധാരത്തിൽ സ്ഥലത്തിന്റെ അളവുകൾ രേഖപ്പെടുത്തിയിട്ടില്ലയെന്നും പ്ലാൻ പ്രകാരമുള്ള അളവുകൾ സ്ഥലം പരിശോധിച്ച് ബോധ്യപ്പെട്ടതായി ബിൽഡിംഗ് ഇൻസ്പെക്ടർ ശിപാർശ ചെയ്തതനുസരിച്ച് ആണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും കൂടാതെ ടി സ്ഥലത്തിന്റെ കുറച്ചുഭാഗം GCDA-യ്ക്ക് കലൂർ-കടവന്ത്ര റോഡിനു വേണ്ടി വിട്ടുകൊടുത്തിട്ടുള്ളത് ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ടി സ്ഥലത്ത് കക്ഷി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നും പെർമിറ്റ് താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ടെന്നും എന്നാൽ ആധാരത്തെ സംബന്ധിച്ചുള്ള പരാതി ലഭിച്ചതിനെ തുടർന്ന് ടി പെർമിറ്റ് റദ്ദാക്കുകയും ആധാരം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ ഉപദേശം തേടുകയും ചെയ്തിട്ടുണ്ട് എന്നും 31.05.25 ന് സേവനത്തിൽ നിന്നും വിരമിക്കുന്നതായും അറിയിക്കുന്നു.

കുറ്റപത്രത്തിന് ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീമതി സന്ധ്യ പി.ബി. സമർപ്പിച്ച പ്രതിവാദപത്രിക അസി.എക്സി.എഞ്ചിനിയറായിരുന്ന ശ്രീമതി ഷീജ എസ്.എസ്. സമർപ്പിച്ചതിന് സമാനമാണ്.

കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദപത്രികയിന്മേൽ PD സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷ പരിശോധിക്കുമ്പോൾ തന്നെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശവും, തരവും, അളവുകളും സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാതാണെന്നും ബിൽഡിംഗ് പെർമിറ്റ് നമ്പർ MOP1/COC/137/15 പെർമിറ്റ് അനുവദിക്കുന്നതിന് ശിപാർശ ചെയ്തത് വഴി ബിൽഡിംഗ് ഇൻസ്പെക്ടർ ആയിരുന്ന ശ്രീമതി സന്ധ്യ പി.ബി. പെർമിറ്റ് അനുവദിച്ചത് വഴി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ഷീജ എസ്.എസ്. എന്നിവർ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയെന്നും PD അറിയിക്കുന്നു.

വിജിലൻസ് റിപ്പോർട്ട്, അസി. എക്സി. എഞ്ചിനിയർ ശ്രീമതി ഷീജ എസ്.എസ്, ബിൽഡിംഗ്

ഇൻസ്പെക്ടർ ശ്രീമതി സന്ധ്യ.പി.ബി. എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രിക, ആയതിന്മേലുള്ള PD യുടെ അഭിപ്രായക്കുറിപ്പ് എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം ലഭ്യമായ ആധാരം പരിശോധിച്ച് ഉടമസ്ഥവകാശം ഉറപ്പ് വരുത്തി പെർമിറ്റ് നൽകിയില്ലെന്നതാണ് അസി. എക്സി. എഞ്ചിനിയറായിരുന്ന ശ്രീമതി ഷീജ.എസ്.എസ്., ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീമതി സന്ധ്യ.പി.ബി എന്നിവർക്കെതിരായ ആരോപണം. ശ്രീമതി ഷീജ.എസ്.എസ്-ന് കൊച്ചി നഗരസഭയുടെ പച്ചാളം മേഖലയുടെ ചുമതലയാണ് ഉണ്ടായിരുന്നതെന്നും എന്നാൽ ഇക്കാലത്ത് സെൻട്രൽ സോണിന്റെ അഡിഷണൽ ചാർജ് ഒരു മാസത്തേക്ക് വഹിക്കേണ്ടി വന്നുവെന്നും അഡിഷണൽ ചാർജ് ഉണ്ടായിരുന്ന സെൻട്രൽ സോണിലാണ് പരാമർശിത കെട്ടിടത്തിന്റെ പെർമിറ്റുമായി ബന്ധപ്പെട്ട് അപേക്ഷ ലഭ്യമായതെന്നും രണ്ട് സോണിന്റെ ഭാരിച്ച ചുമതല ഉണ്ടായിരുന്നതിനാൽ ബിൽഡിംഗ് ഇൻസ്പെക്ടർ സ്ഥലപരിശോധനയും രേഖകളുടെ പരിശോധനയും നടത്തി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടിയാൾ അനുമതി നൽകിയിട്ടുള്ളതെന്നും എന്നാൽ ആധാരത്തെ സംബന്ധിച്ചുള്ള പരാതി ലഭിച്ചതിനെ തുടർന്ന് ടി പെർമിറ്റ് റദ്ദാക്കുകയും ആധാരം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ ഉപദേശം തേടുകയും ചെയ്തിട്ടുണ്ട് എന്നും രണ്ട് സോണുകളുടെ ഭാരിച്ച ചുമതല വഹിക്കുന്നതിനിടയിൽ അഡിഷണൽ ചാർജ് ഉണ്ടായിരുന്ന സെൻട്രൽ സോണിന്റെ സ്ഥിരം ചുമതലയുണ്ടായിരുന്ന ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സന്ധ്യ.പി.ബി. സ്ഥലപരിശോധന നടത്തി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിലാണ് അസി. എക്സി. എഞ്ചിനിയർ ശ്രീമതി ഷീജ എസ്.എസ്. പെർമിറ്റ് അനുവദിച്ചത് എന്ന് കാണുന്നു. ടി സോണലിലെ ബിൽഡിംഗ് ഇൻസ്പെക്ടറുടെ റിപ്പോർട്ട് വേണ്ടത്ര പരിശോധന കൂടാതെ അംഗീകരിച്ചതാണ് ശ്രീമതി ഷീജ എസ്.എസ്.-ന്റെ ഭാഗത്തുണ്ടായ വീഴ്ച. എന്നാൽ,പരാതിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് റദ്ദാക്കിയതിനാൽ സർക്കാരിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലാത്തതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറും അഭിപ്രായപ്പെടുന്നു.

അതേസമയം,ശ്രീമതി സന്ധ്യ.പി.ബി. സ്ഥലപരിശോധനയും രേഖകളുടെ പരിശോധനയും നടത്തി ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിലാണ് അസി.എക്സി.എഞ്ചിനിയർ ശ്രീമതി ഷീജ.എസ്.എസ്. പെർമിറ്റ് അനുവദിക്കാൻ ഇടയായത്. ഇക്കാര്യത്തിൽ പ്രാഥമിക വീഴ്ച ഉണ്ടായിരിക്കുന്നത് ടി സോണൽ ഓഫീസിന്റെ ചുമതലയുണ്ടായിരുന്ന ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സന്ധ്യ .പി.ബി.- യുടെ ഭാഗത്താണ് .

മേൽ സാഹചര്യത്തിൽ, കൊച്ചി കോർപ്പറേഷൻ ഇളംകുളം വില്ലേജിലെ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട് വിജിലൻസ് കണ്ടെത്തിയ ക്രമക്കേടിൽ, പരാതിയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് റദ്ദാക്കിയതിനാലും സർക്കാരിന് സാമ്പത്തിക നഷ്ടം ഇല്ലാത്തതിനാലും,ടിയാൾക്കെതിരെ മറ്റ് അച്ചടക്ക നടപടികൾ നിലവിലില്ലാത്തതിനാലും ഒരു മാസം സെൻട്രൽ സോണൽ ഓഫീസിന്റെ അധിക ചുമതലയുണ്ടായിരുന്ന **"ശ്രീമതി.ഷീജ.എസ്.എസ്"-ന് "ശാസന നൽകി" കൊണ്ടും** സെൻട്രൽ സോണൽ ഓഫീസിന്റെ ചുമതലയുണ്ടായിരുന്ന **"ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി.സന്ധ്യ.പി.ബി." യുടെ "ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ടും"** അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUMI SANDIPIKA G MASTERLY

അണ്ടർ സെക്രട്ടറി

1. ശ്രീമതി ഷീജ എസ്.എസ്. (PEN No.677538),എക്സിക്യൂട്ടീവ് എഞ്ചിനിയർ, നിലവിൽ തൃശ്ശൂർ കോർപ്പറേഷൻ **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
2. ശ്രീമതി സന്ധ്യ.പി.ബി.(PEN No.676740), ബിൽഡിംഗ് ഇൻസ്പെക്ടർ, കൊച്ചി കോർപ്പറേഷൻ, **(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)**
3. പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്.
4. വിജിലൻസ് (A) വകുപ്പ് (ടി വകുപ്പിൽ നിന്നുള്ള 08.03.2022 ലെ വിജി- എ2/353/2021-വിജി നം.കുറിപ്പ് പ്രകാരം)
5. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്.
6. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 13-05-2025 14:56:14
സെക്ഷൻ ഓഫീസർ